# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നൽകിയ ഇളവുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 5296    23.05.17- ൽ മറുപടി നൽ കേണ്ടിയിരുന്നത്**

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിനായി എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ, ചട്ടങ്ങളിൽ ഇളവ് നൽകിയ കേസുകൾ ഏതെല്ലാമാണ്; ജില്ല തിരിച്ച്. ബിൽഡിംഗ് വിശദാംശം അടക്കം ലഭ്യമാക്കുമോ; | | |
| (സി) | ഇതിൽ ഹൈറൈസ് ബിൽഡിംഗുകൾ, ഫയർ ആന്റ് റസ്ക്യൂ NOC ലഭിക്കുന്നതിന് തടസ്സമുണ്ടായിരുന്നവ ഏതെല്ലാമാണ്; അവയ്ക്ക് NOC ലഭിച്ചതിനു ശേഷമാണോ അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ആയുർ വേദ കോളേജിന്റെ പുതിയ പേ വാർഡ് കെട്ടിടം ഹൈറൈസ് കെട്ടിടമായിരുന്നു. ആയത് കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് അദ്ധ്യായം XVII പ്രകാരമുള്ള സേഫ്റ്റി പ്രൊവിഷൻസ് ഫോർ ഹൈറൈസ് ബിൽഡിംഗ്, പ്രത്യേകിച്ചും ചട്ടം 117 പാലിക്കുന്നുണ്ടായിരുന്നില്ല. ഫയർ NOC ലഭിക്കാതെയാണ് കെട്ടിടത്തിന് |

| | | | |
|---|---|---|---|
| | | | 27/5/2016-ലെ സ.ഉ.(ആർ.റ്റി) നമ്പർ 1758/2016/തസ്വഭവ പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിച്ച് കെട്ടിടം ക്രമവൽക്കരിച്ച് നൽകിയത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | വിശദാംശങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | (1) 27/5/2016-ലെ സ.ഉ.(ആർ.റ്റി) 1758/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗവൺ മെന്റ് ആയുർ വേദ കോളേജിന്റെ 9 നില പേവാർഡ് കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 3 (സി) പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്.<br>(2) 22/7/2016-ലെ സ.ഉ.(സാധാ) നം.2200/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ കരുമ്പുനൂർ വില്ലേജിൽ റീ സർ വ്വെ നം.42/55 ശ്രീമതി ലിസ്റ്റ് കെട്ടിട നിർമ്മാണത്തിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 3(സി) പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 2 | കൊല്ലം | (1) 30/6/2016-ലെ സ.ഉ.(സാധാ) നം.2032/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 3 സി പ്രകാരം കൊല്ലം ചടയമംഗലം ഗ്രാമപഞ്ചായത്തിൽ സർ വ്വെ നമ്പർ 126/6.7.8, 127/1, 129/1.2.12.13, 131/1.2.3.4, 132/1, 135/9, 136, 137/9, 139/2.4 ഉൾ പ്പെട്ട സർക്കാർ ഉടമസ്ഥതയിലുള്ളതും നിലവിൽ ടൂറിസം വകുപ്പിന് കൈമാറിയിട്ടുള്ളതുമായ 25.3093 ഹെക്ടർ സ്ഥലത്തെ ജഡായുപാറ ടൂറിസം പദ്ധതിയിൽ ഉൾ പ്പെട്ട ജഡായു പക്ഷിയുടെ ശില്പ നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 57(3), 112 എന്നിവയിൽ നിന്നും ഇളവനുവദിച്ചിട്ടുണ്ട്.<br>(2) സ.ഉ.(സാധാ) നം.2387/2016/തസ്വഭവ തീയതി 8.8.2016 നമ്പർ ഉത്തരവ് പ്രകാരം ചടയമംഗലം ഗ്രാമപഞ്ചായത്തിൽ ജഡായു പാറ ടൂറിസം പ്രൊജക്റ്റിന്റെ ഭാഗമായി upper station, ശില്പം എന്നി നിർമ്മാണം വരെയുള്ള Road access (കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 37) എന്നിവയ്ക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(സി) പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 3 | കോട്ടയം | ഏറ്റുമാനൂർ നഗരസഭാ പരിധിയിലെ 40-)ം നമ്പർ എസ്.എൻ.ഡി.പി. ശാഖാ യോഗം വകയായി എം.സി. റോഡിന്റെ സൈഡിൽ 90 വർഷത്തോളമായി ശ്രീനാരായണ ഗുരുദേവ ഭക്തർ ആരാധിച്ച് പോന്നിരുന്ന ഗുരുമന്ദിരം ഉൾ ക്കൊള്ളുന്ന കെട്ടിടം കെ.എസ്.റ്റി.പി റോഡ് വികസനത്തിനായി സർക്കാർ ഏറ്റെടുക്കുകയും ഭാഗികമായി പൂർണ്ണമായി പൊളിച്ചുമാറ്റുകയും ചെയ്തു എന്ന സാഹചര്യത്തിൽ ആരാധനാലയം എന്ന നിലയിൽ പ്രത്യേക കേസായി പരിഗണിച്ച് ഏറ്റുമാനൂർ നഗരസഭയിലെ SNDP 40-)ം നമ്പർ ശാഖയ്ക്ക് റോഡിൽ നിന്നും 3 മീറ്റർ സെറ്റ് ബാക്ക് ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് 6.52017-ലെ സ.ഉ.(സാധാ) |

| | | |
|---|---|---|
| | | നം.1459/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 4 | ഇടുക്കി | 8.12.2016-ലെ സ.ഉ.(സാധാ) നം.3353/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ സ്ഥലസൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായി കെട്ടിട നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണം ചട്ടങ്ങളിലെ ചട്ടം 3(സി) പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 5 | തൃശ്ശൂർ | 6.1.2017-ലെ സ.ഉ.(സാധാ) നം.36/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പാഴൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 6 | പാലക്കാട് | 8.6.2016-ലെ സ.ഉ.(സാധാ) നം.1880/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വടക്കൻ ചേരി വില്ലേജിലെ സർ വെ നമ്പർ 189/23-ൽ ഉൾ പ്പെട്ട സ്ഥലത്തെ വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3സി (ബി) പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 7 | മലപ്പുറം | 3.3.2017-ലെ സ.ഉ.(സാധാ) നം.597/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കുറുവ ഗ്രാമപഞ്ചായത്തിലെ 4-)o വാർഡിലെ തോട്ടക്കര അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 8 | കോഴിക്കോട് | 18.3.2017-ലെ സ.ഉ.(സാധാ) നം.777/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ചേമഞ്ചേരി വില്ലേജിലെ റീ സർ വ്വെ നമ്പർ 135/12, 133/3,4,8,9,10,11, 130/13, 132/10,11,12 എന്നിവയിൽ പ്പെട്ട സ്ഥലത്ത് കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കാലിത്തീറ്റ ഫാക്ടറിക്ക് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 9 | കണ്ണൂർ | മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ വികസനത്തിന് 40 സെന്റ് സ്ഥലം സൗജന്യമായി വിട്ടു കൊടുത്ത സാഹചര്യത്തിൽ 11.8.2016-ലെ സ.ഉ.(സാധാ) നം.2427/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മട്ടന്നൂർ വില്ലേജിലെ റീ സർ വ്വെ നമ്പർ 31/5-ൽ ഉൾ പ്പെട്ട സ്ഥലത്തെ വാണിജ്യ കെട്ടിട നിർമ്മാണത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി (ബി) പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. |
| 10 | കാസർ ഗോഡ് | 8.6.2016-ലെ സ.ഉ.(സാധാ) നം.1878/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ റീ സർ വ്വെ നമ്പർ 131/2 എ-യിൽ ഉൾ പ്പെട്ട സ്ഥലത്ത് നിർമ്മിച്ച Fire & Rescue വകുപ്പിന്റെ കെട്ടിട നിർമ്മാണത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി (എ) പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ